LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രതിമാസ ശരാശരി വരുമാനം ചുവടെ ചേർക്കുന്നു :

ഓർഡിനറി	-	2,92,423 രൂപ
ഫാസ്റ്റ് പാസഞ്ചർ	-	6,79,055 ,,
സൂപ്പർ ഫാസ്റ്റ്	-	7,59,717 ,,
സൂപ്പർ എക്സ്പ്രസ്സ്	-	9,03,805 ,,
സൂപ്പർ ഡീലക്സ്	-	10,14,103 ,,

(ബി) ഉണ്ട്. നിലവിലുള്ള യാത്രാനിരക്ക് പ്രകാരം ലഭ്യമാകുന്ന വരുമാനവും ചെലവും തമ്മിൽ വലിയ അന്തരമാണുള്ളത്. എന്നാൽ നിലവിലെ സാഹചര്യത്തിൽ യാത്രാനിരക്ക് വർദ്ധന പ്രായോഗികമല്ല. ആയതിനാൽ സർവ്വീസ് കാര്യക്ഷമമാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിനും ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(സി) പ്രതിദിനം ശരാശരി 50 സൂപ്പർ എക്സ്പ്രസ് സർവ്വീസുകളും, ശരാശരി 24 ഡീലക്സ് സർവ്വീസുകളും ഓപ്പറേറ്റ് ചെയ്ത് വരുന്നുണ്ട്. എക്സ്പ്രസ് എന്ന രീതിയിൽ ഒരു ഇനം സർവ്വീസ് ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യിൽ നിലവിലില്ല.

കെ.എസ്.ആർ.ടി.സി.-യിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ഫിനാൻഷ്യൽ ഇൻഫർമേഷൻ മെമ്മോറാണ്ടം

307 (3129) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ഫിനാൻഷ്യൽ ഇൻഫർമേഷൻ മെമ്മോറാണ്ടം തയ്യാറായിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാം ;

(ബി) കെ.എസ്.ആർ.ടി.സി.-യിൽ ഈ സർക്കാരിന്റെ കാലയളവിൽ ഉണ്ടായിട്ടുള്ള ടിക്കറ്റിതര വരുമാനത്തിന്റെ കണക്ക് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്, കെ.റ്റി.ഡി.എഫ്.സി.-യിൽനിന്നുള്ള വായ്പാ തുക പൂർണ്ണമായും മറ്റ് ദേശസാൽകൃത ബാങ്കുകൾ ഏറ്റെടുക്കുന്നതിലേക്കായി ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിനായി SBI CAPITAL Market Ltd. എന്ന സ്ഥാപനത്തെ ഉപദേശക സ്ഥാപനമായി കെ.എസ്.ആർ.ടി.സി. നിയോഗിക്കുകയും ടി സ്ഥാപനം കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ച ഫിനാൻഷ്യൽ ഇൻഫർമേഷൻ മെമ്മോറാണ്ടം തയ്യാറാക്കി ബന്ധപ്പെട്ട ബാങ്കുകൾക്ക് ടി വായ്പ ഏറ്റെടുക്കുന്നതിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ജൂൺ 2011 മുതൽ ഡിസംബർ 2011 വരെ 9,32,79,895 രൂപയും 2012 ജനുവരി മുതൽ ഡിസംബർ 2012 വരെ 29,49,23,145 രൂപയും 2013 ജനുവരി മുതൽ ഡിസംബർ 2013 വരെ 21,43,71,160 രൂപയും 2014 ജനുവരി മുതൽ 2014 ഡിസംബർ വരെ 19,31,37,795 രൂപയും 2015 ജനുവരി മുതൽ 2015 ജൂൺ വരെ 8,67,20,663 രൂപയുമാണ് ടിക്കറ്റിതര വരുമാനമായി ലഭിച്ചത്.

കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണം

308 (3130) ശ്രീ. വി.ഡി. സതീശൻ :

ശ്രീ. ആർ. സെൽവരാജ് :

ശ്രീ. വർക്കല കഹാർ :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി ബസ്സുകളിൽ യാത്ര ചെയ്യാൻ ജനങ്ങളെ പ്രേരിപ്പിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കർമ്മ പദ്ധതികൾക്കായി പുനരുദ്ധാരണ പാക്കേജിൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാൻ പ്രസ്തുത കർമ്മ പദ്ധതികൾ എത്രമാത്രം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത കർമ്മ പദ്ധതികൾക്കായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?